(സി) ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പരിശോധിച്ച് വേണ്ട ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ സസ്പെൻഷൻ

1297 [2077] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ പേരിൽ സസ്പെൻഷൻ നടപടി സ്വീകരിക്കുവാൻ കാരണമെന്ത്;

(ബി) സസ്പെൻഷൻ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ആഭ്യന്തരവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സർവ്വകലാശാല ചാൻസലറുടെ അംഗീകാരത്തോടു കൂടിത്തന്നെയാണോ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) രജിസ്ട്രാരുടെ പേരിലുണ്ടായ ചില അഴിമതി ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുകയും, അതിന്റെ ഫലമായി സസ്പെൻഷൻ നടപടി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം വിജിലൻസ് ഡിപ്പാർട്ടുമെന്റാണ് നടത്തിയിട്ടുള്ളത്.

(സി) ചാൻസലർ തന്നെയാണ് സസ്പെൻഷൻ നടപടി സ്വീകരിച്ചത്.

തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാർ

1298 [2078] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാരുടെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സർവ്വീസ്, പെൻഷൻ, വെയിറേജ് മുതലായ കാര്യങ്ങൾക്ക് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ വരുത്തുന്ന കാലതാമസം മൂലം ജീവനക്കാർ യാതനകളനുഭവിക്കേണ്ടിവരുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷത്തിൽ പെൻഷൻ പറ്റി പിരിയേണ്ടവർ വെറും കയ്യോടെ പോകേണ്ടിവരുമെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിയന്തിരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗിനു പഠിക്കുന്ന സർവ്വീസിൽ നിന്നുവന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപെൻഡ്.

1299 [2079] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗിന് പഠിക്കുന്ന സർവ്വീസിൽ നിന്ന് വന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപെൻഡ് ഏതു വർഷംവരെ നൽകിയിരുന്നു;

(ബി) 1978-79 സാമ്പത്തിക വർഷത്തിൽ ഇവർക്ക് സ്റ്റൈപെൻഡ് നൽകിയിരുന്നുവോ?

(സി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നിവേദനം ലഭിച്ചുവോ;

(ഡി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1968-69 വരെ സബ്സിസ്റ്റൻസ് അലവൻസ് കൊടുത്തിരുന്നു.

(ബി) ഇല്ല.

(സി) ലഭിച്ചു.

(ഡി) അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കലാസംഘടനകൾക്ക് ധനസഹായം.

1300 [2080] ശ്രീ. എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാസംഘടനകൾക്ക് ഗവൺമെന്റിൽ നിന്നും സഹായധനം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകൾക്ക് നൽകുന്നു;

(സി) ഇതിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly